## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1261 — 12.03.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോ, മാവേലി സ്റ്റോറുകളിലെ വനിതാ തൊഴിലാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോ, മാവേലി സ്റ്റോറുകളിലെ വനിതാ തൊഴിലാളികളുടെ ജോലി സമയം എത്രയെന്നും ഇവർക്ക് നൽകുന്ന പ്രതിദിന വേതനം എത്രയെന്നും വ്യക്തമാക്കുമോ ; | (എ) സപ്ലൈകോ മാവേലി സ്റ്റോറുകളുടെ പ്രവർത്തന സമയം രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയും ഉച്ചയ്ക്കുശേഷം 3.30 മുതൽ വൈകുന്നേരം 7.30 വരെയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സപ്ലൈകോ ഔട്ട് ലെറ്റുകളിലെ ദിവസവേതനകാർക്ക് പ്രതിദിനം 250/- രൂപയും, പായ്ക്കിംഗ് ജീവനക്കാർക്ക് പായ്ക്കറ്റ് ഒന്നിന് 50 പൈസാ വീതവും നൽകിവരുന്നു. വനിതാതൊഴിലാളികൾക്ക് പ്രത്യേക സമയക്രമം നിശ്ചയിച്ചിട്ടില്ല. |
| (ബി) ഉത്പന്നങ്ങൾ പ്ലാസ്റ്റിക് കവറുകളിൽ ആക്കി നൽകുമ്പോൾ പാക്കിംഗ് ചാർജായി പാക്കറ്റൊന്നിന് ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന തുക എത്രയെന്നും തൊഴിലാളിക്കു നൽകുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ; ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന തുകയുടെ പകുതി തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) ഉത്പന്നങ്ങൾ പ്ലാസ്റ്റിക് കവറുകളിലാക്കി നൽകുമ്പോൾ പാക്കിംഗ് ചാർജ്ജായി ഓരോ പാക്കറ്റിനും ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുക അനുബന്ധമായി ചേർക്കുന്നു. പ്ലാസ്റ്റിക് കവറിന്റെ വിലയായി കവർ ഒന്നിന് ഏകദേശം 45 പൈസ മുതൽ 1 രൂപ 15 പൈസ വരെയും, എല്ലാതരം പാക്കറ്റിനും പാക്കിംഗ് ചാർജ്ജായി കവർ ഒന്നിന് 50 പൈസയും ചെലവാകുന്നുണ്ട്. ഇതിനുപുറമേ ക്ലീനിംഗ് നഷ്ടം, കൈകാര്യ കിഴിവ്, പായ്ക്കിംഗ് മെഷീന്റെ ചിലവ്, കറണ്ട് ചാർജ്, പ്രൈസ് സ്റ്റിക്കർ, മുതലായ ചെലവുകൾ കണക്കിലെടുക്കുമ്പോൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുകയേക്കാൾ കൂടുതൽ തുക ചെലവായി വരുന്നുണ്ട്.<br>ആയതിനാൽ തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന തുക തത്ക്കാലം വർദ്ധിപ്പിക്കാൻ കഴിയില്ല. |
| (സി) മുഴുവൻ ജില്ലകളിലും സപ്ലൈകോ തൊഴിലാളികളെ ഇ.പി.എഫ്, ഇ.എസ്.ഐ ആനുകൂല്യ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) ഇ.പി.എഫ്, ഇ.എസ്.ഐ ആനുകൂല്യങ്ങൾക്കർഹതയുള്ള മുഴുവൻ തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ഇനം | ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുക |
|---|---|---|
| 1 | മല്ലി, മുളക് 250 gm പായ്ക്കറ്റ്, മറ്റെല്ലാ 1 കിലോ, ½ കിലോ പാക്കറ്റുകൾക്കും | 1.50 രൂപ |
| 2 | ജീരകം, ഉലുവ, കടുക് 50 gm പായ്ക്കറ്റ് | 50 പൈസ |
| 3 | ½ കിലോ ഗ്രാമിനു താഴെയുള്ള മറ്റെല്ലാ പാക്കറ്റുകൾക്കും | 1.00 രൂപ |

Beena

സെക്ഷൻ ഓഫീസർ